*Sathyadeepam*, vol. 73,
no: 2 (Aug. 18, 1999), pp. 5 & 11

# സംഗീതവും ക്രൈസ്തവ സഭാചരിത്രവും ഗവേഷണ വീക്ഷണത്തിൽ

ജോസഫ് പാലയ്ക്കൽ സി.എം.ഐ

ഇന്ത്യയിൽ വ്യത്യസ്തങ്ങളായ സംഗീതശൈലികളുടെ സമൃദ്ധികൊണ്ട് ഏറ്റവും സമ്പന്നമായ സംസ്ഥാനമാണ് നമ്മുടെ കൊച്ചുകേരളം. എന്നാൽ, സംഗീതസംബന്ധമായ വിഷയങ്ങളിൽ ഏറ്റവും കുറച്ചു ഗവേഷണങ്ങൾ നടക്കുന്ന സംസ്ഥാനവും കേരളം തന്നെ! സംഗീതശാസ്ത്രത്തിൽ ബിരുദം നല്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനവും കേരളത്തിലില്ല. പലതലമുറകൾ കൊണ്ടു ചെയ്തു തീർക്കാനാവാത്തത്ര ഗവേഷണ മേഖലകൾ കേരളസംഗീതത്തിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നു. എന്നിട്ടും, സംഗീതഗവേഷകരുടെ ശ്രദ്ധ ഇതിലേക്കു ക്ഷണിക്കപ്പെടുന്നില്ല. പാട്ടും സംഗീതവും ഒരു സമൂഹത്തിന്റെ തറവാട്ടു സ്വത്താണ്. അവയുടെ ചരിത്രം ആ സമൂഹത്തിന്റെ ചരിത്രവുമായി അഭേദ്യ മായി ബന്ധപ്പെട്ടിരിക്കുന്നു.

സംഗീതത്തോടും സംഗീതശാസ്ത്രത്തോടുമുള്ള കേരളീയരുടെ ലാഘവമേറിയ സമീപനരീതി ഏറ്റവുംകൂടുതൽ പ്രത്യക്ഷമാകുന്നതു ക്രിസ്ത്യാനികളുടെയിടയിലാണ്. തനിമയുള്ള അനേകം സംഗീ തശൈലികളുടെ ഉടമസ്ഥരാണു കേരളത്തിലെ ക്രൈസ്തവർ. പക്ഷെ, അറുപതുകളുടെ അവസാനം മുതൽ സിനിമാഗാനത്തിന്റെ ശക്തമായ വേലിയേറ്റത്തിൽ ആ ശൈലികൾക്കു പിടിച്ചുനിൽക്കാനാവു ന്നില്ല. കേരളത്തിലെ ചില ക്രൈസ്തവ സമൂഹങ്ങളിലെങ്കിലും ആരാധനക്രമഗാനങ്ങളും ഭക്തിഗാന ങ്ങളും തമ്മിൽ അതിർവരമ്പുകളില്ലാതാകുന്നു. അവ രണ്ടും സിനിമാഗാനശൈലിയിൽ നിന്നു വേർതിരിക്കാനാവാത്ത സ്ഥിതിവിശേഷം. ആധുനികകേരളത്തിലെ സാമാന്യജീവിതത്തിൽ കാണാ ത്തത്ര കൺസ്യൂമറിസം ദേവാലയഗാനങ്ങളുടെ കാര്യത്തിൽ കാണാം. ആറ്റിൽ കളഞ്ഞാലും അളന്നുകളയണമെന്നൊരു ചൊല്ലുണ്ടല്ലോ. വ്യതിരിക്തങ്ങളായ ക്രൈസ്തവസംഗീതശൈലികൾ പൂർണ്ണമായും വിസ്മൃതിയിലാണ്ടു പോകുന്നതിനുമുമ്പ് അവയെ വിലയിരുത്തുകയും അവയുടെ ചരിത്രം പഠിക്കുകയും ചെയ്യേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു.

തലമുറകൾ തലമുറകൾക്ക് ഓർമ്മകൾ കൈമാറാനുപയോഗിക്കുന്ന ഉപായങ്ങളിൽ ഒന്നാണ് പാട്ട്. ഓർമ്മകൾ കാത്തുസൂക്ഷിക്കാത്ത തലമുറ വേരില്ലാത്ത വൃക്ഷവും ഓർമ്മകൾ കൈമാറാത്ത തല മുറ കായ്ക്കാത്ത വൃക്ഷവുമാണ്. കടലാസും കമ്പ്യൂട്ടറും ഇല്ലാതിരുന്ന കാലത്തും നമ്മുടെ നാട്ടിൽ ചരിത്രം സൂക്ഷിച്ചിരുന്നത് പാട്ടുകളുടെ പേടകങ്ങളിലാണ്. വടക്കൻ പാട്ടും തെക്കൻ പാട്ടും പള്ളി പ്പാട്ടും പാണൻ പാട്ടും പോലെ എത്രയെത്രയോ ഉദാഹരണങ്ങൾ! പുതിയ പള്ളി പണിയുമ്പോൾ, പഴയ പള്ളി പുതുക്കി പണിയുമ്പോൾ, തദ്ദേശക്കാർ പാട്ടുകൾ ഉണ്ടാക്കി. പള്ളിയുടെയും അതു പണി തവരുടെയും അതിൽ ആരാധിക്കുന്നവരുടെയും നാമഹേതുകനായ വിശുദ്ധന്റെയുമൊക്കെ ചരിത്രം

പാട്ടുകളിൽ നിക്ഷേപിച്ചു. അവരതു പാടി; പുതിയ തലമുറ അത് ഏറ്റു പാടി. ദൂരദേശത്തു നിന്നു തികച്ചും അപരിചിതമായ ദേശത്തേയ്ക്കു കല്യാണം കഴിച്ചു വന്ന കൊച്ചുപെൺകുട്ടിക്കു തന്റെ ഭർത്താവിന്റെ ദേശത്തിന്റെയും ദേവാലയത്തിന്റെയുമൊക്കെ ചരിത്രം പഠിക്കാനും അവളുടെ കുട്ടികളെ പഠിപ്പിക്കാനും പാട്ടുകളായിരുന്നു പ്രധാനം അവലംബം. അങ്ങനെ, ഒരു തലമുറയെ മറ്റൊരു തലമുറ യുമായി ബന്ധിപ്പിക്കുന്ന പൊക്കിൾകൊടിയായിമാറി പാട്ടുകൾ. ഇന്നു കേരളത്തിലെ പല പുരാതന പള്ളികളുടെയും പൂർവ്വചരിത്രം പി.യു.ലൂക്കാസ് പ്രസിദ്ധം ചെയ്ത 'പുരാതനപ്പാട്ടുകൾ' എന്ന പുസ്ത കത്തിൽ മാത്രമാണുള്ളത്.

വ്യക്തിക്കും കുടുംബത്തിനും ചരിത്രമുള്ളതുപോലെ ഓരോ പാട്ടിനും അതിന്റേതായ ചരിത്രപ ശ്ചാത്തലമുണ്ട്. വ്യക്തികളുടെയും കുടുംബങ്ങളുടെയും സഭകളുടെയുമൊക്കെ ചരിത്രങ്ങൾ പര സ്പരം ബന്ധപ്പെട്ടിരിക്കുന്നതുപോലെതന്നെ ഒരു പാട്ടിന്റെ ചരിത്രം അതുണ്ടാക്കിയ വ്യക്തിയുടെയും അതു പാടുന്ന സമൂഹത്തിന്റെയും അവരുടെ സഭകളുടെയും അതിലുപയോഗിച്ചിരിക്കുന്ന ഭാഷയുടെ പോലും ചരിത്രങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. സുപരിചിതമായ ഒരു ഗാനം ഉദാഹരണമായെടു ക്കാം. കേരളത്തിലെ കത്തോലിക്കർ – സുറിയാനി – ലത്തീൻ വ്യത്യാസമില്ലാതെ ഒരുമിച്ചുകൂടുമ്പോൾ പാടാൻ കിട്ടുന്ന വളരെ ചുരുക്കം പാട്ടുകളിലൊന്നാണു 'വാവാ യേശുനാഥാ, വാവാ സ്നേഹനാഥാ' എന്നു തുടങ്ങുന്ന ഗാനം (ജോൺ പോൾ മാർപ്പാപ്പ മലയാളക്കരയിൽ 'ബലി' യർപ്പിച്ചപ്പോൾ ഈ പാട്ടു പാടാതിരുന്നതിനെ ഓർത്തു ദു:ഖിച്ചാലും!). ലളിതമായ പദ്യശൈലി, സരളമായ ശബ്ദഭംഗി, സുന്ദരമായ പ്രതിബിംബങ്ങൾ. പാടുകയോ പാടിക്കേൾക്കുകയോ ചെയ്യുന്ന ഏതൊരു സഹൃദയ നെയും പുളകം കൊള്ളിക്കുന്ന ഗാനം. ആദ്യപാദം പാടിക്കഴിയുമ്പോഴേക്കും ഈണം മറക്കാം. ഈണ ത്തിന്റെ ഓർമ്മഭാരത്തിൽ നിന്നു വിമുക്തമായ മനസ്സിനെ പടിപടിയായി പദങ്ങളുടെ അർത്ഥത്തി ലേയ്ക്കും അവിടെ നിന്ന് ബൗദ്ധിക്കും അർത്ഥത്തിനുമതീതമായ ആദ്ധ്യാത്മികാനുഭൂതിയിലേക്കും തിരി ച്ചുവിടാം. അധികം സംഗീതവാസനയില്ലാത്തവർക്കും അനായാസേന പാടാം. (കേരളത്തിലിന്നും നില വിലിരിക്കുന്ന സുറിയാനി സംഗീതശൈലിയെ വിലയിരുത്താനും ഈ മാനദണ്ഡങ്ങൾ ഉപയോഗിക്കാമെന്നോർക്കുക.) ഭാഷയുടെയും കവിതയുടെയും മാനദണ്ഡങ്ങൾ വച്ചു നോക്കുമ്പോൾ തികച്ചും കേരളീയമായ ഗാനമാണിത്. എന്നാലിതിന്റെ ഈണമോ തീർത്തും പാശ്ചാത്യം. കേരളത്ത നിമ തൊട്ടുതേച്ചിട്ടില്ലാത്ത സംഗീത ശൈലി. കേരളീയർക്കു സ്വന്തമെന്നഭിമാനിക്കാവുന്ന സോപാന സംഗീതത്തിന്റെയോ കേരളത്തിലേക്കു കുടി കയറിവന്ന സുറിയാനിസംഗീതത്തിന്റെയോ അതുപോ ലെതന്നെ തെന്നിന്ത്യൻ ശാസ്ത്രീയസംഗീതത്തിന്റെയോ തദ്ദേശീയമായ നാടോടിപ്പാട്ടുകളുടെയോ സ്വാധീനം ലേശംപോലുമില്ല. സംഗീതശാസ്ത്രവിധികൾക്കനുസരിച്ചു വിശകലനം ചെയ്യുമ്പോൾ മാത്രമേ ഇതിന്റെ ഈണത്തിലെ കപടലാളിത്യം വെളിച്ചത്തുവരൂ. സാമാന്യവായനക്കാർക്കു വിരസത യുളവാക്കുന്ന സാങ്കേതിക പദങ്ങളുടെ സഹായം തേടേണ്ടതുകൊണ്ട് അത്തരമൊരു വിശകലനത്തിനി വിടെ പ്രസക്തിയില്ല. എന്നാൽ, ചിലകാര്യങ്ങൾ വ്യക്തമാണ്. ഇതിന്റെ സൃഷ്ടികർത്താവു കൈവിരലി ലെണ്ണാവുന്നത്ര നോട്ടുകളുപയോഗിച്ചു മനോഹരമായൊരീണം നെയ്തിരിക്കുന്നു. പാശ്ചാത്യസംഗീത ശൈലിയിലാണ് ഇതിലെ സ്വരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. മൂന്നുമാത്രകളിൽ ആദ്യത്തെ മാത്രയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇതിലെ വിളംബകാല താളക്രമവും പാശ്ചാത്യം തന്നെ. എന്നോ ഏതോ പാശ്ചാത്യ നാട്ടിൽ നിന്ന് ഒരു പാതിരിയോ പാശ്ചാത്യനാടു സന്ദർശിച്ചുമടങ്ങിയെത്തിയ തെന്നിന്ത്യൻ ക്രിസ്ത്യാനിയോ ഈ ഈണം കേരളത്തിൽ കൊണ്ടു വന്നിരിക്കണം. അല്ലെങ്കിൽ ഒരു പാശ്ചാത്യ ഈണത്തിന്റെ ചുവടുപിടിച്ചു പുതിയൊരീണം മെനഞ്ഞതുമാകാം. കേരളത്തിലേക്കുള്ള ഈ ഈണത്തിന്റെ യാത്ര തമിഴ് നാട്ടിലൂടെയാകാൻ സാദ്ധ്യതയുണ്ട്. തമിഴ് നാട്ടിലെ കത്തോലിക്ക

രുടെയിടയിൽ 'ഈശോ സ്നേഹിക്കിറാൻ' എന്നു തുടങ്ങുന്ന വരികളിലൂടെ ഈ ട്യൂൺ വളരെ പ്രസിദ്ധമാണ്. കാലക്രമത്തിൽ 'വാ വാ യേശുനാഥാ' എന്ന മനോഹരമായ വരികളിലൂടെ ഈ ട്യൂൺ മലയാള മണ്ണിലലിഞ്ഞുചേർന്നു. ചുരുക്കിപ്പറഞ്ഞാൽ 'വാ വാ യേശുനാഥാ' എന്ന പാട്ടിന്റെ ചരിത്ര പശ്ചാത്തലം പഠന വിഷയമാക്കുന്നപക്ഷം അതു രണ്ടുരാജ്യങ്ങളുടെയും സഭകളുടെയും വ്യത്യസ്തരായ രണ്ടു ജനതകളുടെയും അവരുടെ സംസ്കാരങ്ങളുടെയും സമ്പർക്ക–സങ്കലന ചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുന്നു എന്നു കാണാം.

ഒരു പാട്ടിന്റെ ഈണത്തിന് അതിന്റെ വരികളേക്കാൾ ആയുസ്സ് കൂടുതലുണ്ടെന്നുള്ളതു വിചിത്രമായൊരു വസ്തുതയാണ്. ചിലപ്പോൾ ഒരു ഈണത്തിന് ഒന്നിലധികം ആയുസ്സുകൾ ഉണ്ടായെന്നു വരാം. വരികൾ വിസ്മൃതിയിലലിഞ്ഞുചേർന്നതിനുശേഷവും ഈണങ്ങൾ ജീവിക്കുന്നു. കാലവും ദേശവും ഭാഷയും മറികടന്ന് ഈണങ്ങൾ സഞ്ചരിക്കുന്നു. അന്യഭാഷകളിൽനിന്ന് വാക്കുകൾ ആഹരിച്ച് ഈണങ്ങൾ പുനർജ്ജീവിക്കുന്നു. ഒരേ ഭാഷയിൽത്തന്നെ 'പാട്ടുകെട്ടാ' നുള്ള നൂലായി ഈണങ്ങൾ പ്രവർത്തിക്കുന്നു. അതിനാൽ, സംസ്കാരസങ്കലനങ്ങളുടെ ചരിത്രം പഠിക്കാൻ പാട്ടിന്റെയീണങ്ങൾ ഉപാധിയത്രെ? ഈണങ്ങളുടെ പ്രയാണം സംഗീതഗവേഷകർക്കുമാത്രമല്ല നരവംശശാസ്ത്രജ്ഞർക്കും ഇഷ്ടപ്പെട്ട വിഷയമാണ്. ഒരുകാലത്ത്, ഒരുദേശത്തു നിലവിലിരുന്ന ഈണങ്ങൾ ആ ദേശത്തു വിസ്മൃതിയിലാവുകയും വളരെ വ്യത്യസ്തമായ സംസ്കാരങ്ങളുടെ നടുവിൽ മറ്റൊരു ദേശത്ത് അതേ ഈണങ്ങൾ പുനർജ്ജന്മം പ്രാപിക്കുകയും ചെയ്യുക അസാധാരണമല്ല. മദ്ധ്യപൂർവ ദേശത്തുനിന്നു മലയാളക്കരയിലെത്തിയ സുറിയാനിശീലുകളിൽ പലതും ഇന്നതിന്റെ ഉത്ഭവസ്ഥാനത്തു നിലനില്ക്കുന്നില്ല. ഈ ഈണങ്ങളാകട്ടെ, അനേകശതവർഷങ്ങൾക്കു ശേഷവും കേരളത്തിൽ ജീവിക്കുന്നു. അങ്ങനെ പ്രസ്തുത ഈണങ്ങൾ രണ്ടു ദേശത്തിന്റെയും രണ്ടു സംസ്കാരങ്ങളുടെയും സമ്പർക്കത്തിന്റെ കഥകൾ കാത്തുസൂക്ഷിക്കുന്നു.

ഈണങ്ങളുടെ പ്രയാണം പോലെതന്നെ വ്യത്യസ്ഥമായ പരിസ്ഥിതികളിൽ അവയ്ക്കു സംഭവിക്കുന്ന പരിണാമങ്ങളും ശ്രദ്ധാർഹമാണ്. കുടിയേറിയ ക്രൈസ്തവരിലൂടെ കേരളത്തിലെത്തിയ സുറിയാനിസംഗീതവും നാടോടിപ്പാട്ടുകളിലെ ശീലുകളും ശാസ്ത്രീയ സംഗീതത്തിലെ താളക്രമങ്ങളും ചേർന്നു 'മാർഗംകളി' പ്പാട്ടുണ്ടായി. ദ്രാവിഡവൃത്തമായ പാനയെ ക്രൈസ്തവർ സുറിയാനിമയമാക്കി 'പുത്തൻപാന' പാടി. അറബിരാജ്യത്തുനിന്നെത്തിയ ബൈത്തുകളും ഇസലുകളും മലയാളമുണ്ടുടുത്തപ്പോൾ മുസ്ലീങ്ങളുടെ 'മാപ്പിളപ്പാട്ടാ'യി. വടക്കേന്ത്യയിൽ പേർഷ്യൻ സംഗീതവും ഇന്ത്യൻ സംഗീതവും തമ്മിലുള്ള സംബന്ധത്തിലൂടെ 'ഹിന്ദുസ്ഥാനി' സംഗീതം സംജാതമാകുന്നതിനു വളരെ മുമ്പാണു കേരളത്തിൽ അറബിവൃത്തങ്ങളും മലയാളഭാഷയും കൂടിക്കലർന്നു മാപ്പിളപ്പാട്ടുണ്ടായത്. ഇന്ത്യൻ ഭൂഖണ്ഡത്തിനകത്ത് തെക്കേന്ത്യയിലെയും വടക്കേന്ത്യയിലെയും സംഗീത സംസ്കാരങ്ങൾ കൂടിക്കലരാതെ തനിമ കാത്തു സൂക്ഷിച്ചപ്പോഴും ഈ കൊച്ചു കേരളത്തിൽ സംഗീതസംസ്കാരസങ്കലനങ്ങൾ ശക്തിയായി നടന്നതിനു പിന്നിലുള്ള സാമൂഹികശാസ്ത്ര വശങ്ങൾ ഗവേഷണവിഷയമാക്കേണ്ടവ തന്നെ.

ഈണങ്ങളുടെ പ്രയാണവും പരിണാമവും പോലെ ഗവേഷണപ്രാധാന്യമുള്ളതാണ് അവയുടെ തിരോധാനവും. കേരളസഭാചരിത്രത്തിന്റെ ആണിക്കല്ലായ മാർത്തോമ്മാ സംഭവം ഈ നൂറ്റാണ്ടിന്റെ ആരംഭംവരെ ആഘോഷിച്ചിരുന്നതു 'റമ്പാൻ' പാട്ടിലൂടെയും 'മാർഗംകളിപ്പാട്ടി' ലൂടെയുമായിരുന്നു.

മാർഗംകളിപ്പാട്ടു യുവജനോത്സവത്തിലൂടെ ഇന്നു പുനർജ്ജീവിക്കുന്നു. യുവജനോത്സവത്തിൽ കയറിപ്പറ്റിയത് ആ കലാരൂപത്തിനു ഗുണമോ ദോഷമോ എന്നറിയാൻ കുറച്ചുകാലംകൂടി കാത്തിരിക്കണം. കാലാന്തരത്തിൽ യുവജനോത്സവവേദിയിൽ മാത്രമായി ഈ കലാരൂപം അവശേഷിച്ചാൽ പ്രഘോഷണകല പ്രദർശനകലയായി രൂപാന്തരം പ്രാപിക്കുന്നതിന്റെ ചരിത്രം ഭാവിഗവേഷകർക്കു പഠിക്കാം. റമ്പാൻ പാട്ടാകട്ടെ, ഇന്നു പുസ്തകത്തിൽ മാത്രം അവശേഷിക്കുന്നു. അതിന്റെ ഈണം അറിയാവുന്നവരിന്നില്ല. ഈണം മറന്നതോടെ അനുദിനജീവിതത്തിലെ വിശ്വാസാഘോഷങ്ങളിൽനിന്നു റമ്പാൻപാട്ടു തിരോധാനം ചെയ്തു.

ഒരീണം സമൂഹത്തിന്റെ സംഘാതമായ ഓർമ്മയിൽനിന്നു കാലക്രമത്തിൽ എങ്ങനെ മാഞ്ഞുപോകുന്നു എന്നതിനു മറ്റൊരുദാഹരണം നമ്മുടെ കൺമുമ്പിലുണ്ട്. സീറോ-മലബാർസഭയിൽ നിലവിലുള്ള മരിച്ചവരുടെ ഒപ്പീസിലെ 'കൈക്കൊള്ളണമേ ഹൃദയംഗമമാം' എന്ന പ്രബോധന ഗാനത്തിന്റെ (മദ്രാശ) സ്വന്തമായ ഈണം 'ഖമ്പെൽ മാറൻ' എന്ന സുറിയാനിപ്പാട്ടിന്റേതാണ്. 'ഖമ്പെൽമാറ'ന്റെ ഈണം നിലനിർത്തിയാണ് ഫാ. ആബേൽ സി.എം.ഐ. അതു മലയാളത്തിലേക്കു തർജ്ജമ ചെയ്തത്. സംഗീതശാസ്ത്രപരമായി നോക്കുമ്പോൾ വളരെ പ്രത്യേകതകളുള്ള ഒരീണമാണത്. അതിനു സമാനമായി മറ്റൊരീണം മാത്രമേ ഇന്നു കേരളത്തിലുള്ളൂ. വൈദികരുടെ മൃതസംസ്കാരത്തിലെ 'വിട വാങ്ങുന്നേൻ' എന്ന ഗാനം. പക്ഷേ, ഒരു പ്രശ്നമുണ്ട്, മൂന്നു ചെറിയ വരികളുള്ള ഒരു പാദം പാടിത്തീർക്കാൻ ഏറെ സമയം വേണം. കഴിഞ്ഞ പത്തു വർഷം വരെ ഈ ഈണം നമ്മുടെ സെമിത്തേരികളിൽനിന്നു കേൾക്കാമായിരുന്നു. എന്നാലിന്ന് എളുപ്പം പാടിത്തീർക്കാവുന്ന മറ്റൊരു സുറിയാനിപ്പാട്ടിന്റെ (ലാ തെകറേ ലാക്) ഈണത്തിലാണു മിക്ക വൈദികരും അതു പാടുക. തിരക്കിട്ട ആധുനിക ജീവിതത്തിന്റെ താളക്രമത്തിൽ വന്ന മാറ്റങ്ങൾ സംഗീതത്തിൽ പ്രതിഫലിക്കുക സ്വാഭാവികം മാത്രം.

രേഖപ്പെടുത്തപ്പെട്ട മാധ്യമങ്ങളുടെ അഭാവത്തിൽ വായ്മൊഴികൾ മാത്രം അവലംബമായിട്ടുള്ള ചരിത്രത്തിന്റെ ഇരുണ്ട കോണുകളിലേക്കു കടന്നുചെല്ലാൻ പാട്ടിന്റെ ഈണങ്ങൾ സഹായകമത്രേ. ഉദാഹരണമായി കേരളത്തിലെ യഹൂദരുടെയും സുറിയാനി ക്രിസ്ത്യാനികളുടെയും പുരാതനപ്പാട്ടുകളിലെ ചില ഈണങ്ങളുടെ സാമ്യം ശ്രദ്ധിക്കേണ്ടതു തന്നെ. യഹൂദർ ഈ ഈണങ്ങളെ ഷിഗ്ലി ഈണങ്ങൾ എന്നാണ് വിശേഷിപ്പിക്കുന്നത്. 'ഷിഗ്ലി' എന്ന പദത്തിന്റെ അർത്ഥം 'കൊടുങ്ങല്ലൂർ' ആണെന്നു മനസ്സിലാക്കുമ്പോഴാണ് ഈ ഈണങ്ങളുടെ സംയുക്തചരിത്രപ്രാധാന്യം വ്യക്തമാകുക. കേരളത്തിലെ യഹൂദരുടെയും സുറിയാനിക്രിസ്ത്യാനികളുടെയും ആദ്യകാലചരിത്രങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. രണ്ടുകൂട്ടരും ഹൈന്ദവരാജാക്കന്മാരിൽനിന്നു പ്രത്യേകമായ ആനുകൂല്യങ്ങൾ സ്വന്തമാക്കിയ ചെപ്പേടുകളുടെ കഥ കാത്തുസൂക്ഷിക്കുന്നവരാണ്. യഹൂദരുടെ പെസഹാ ആചരണവും സുറിയാനിക്രിസ്ത്യാനികളുടെ വീടുകളിൽ (ദേവാലയത്തിലല്ല) ആചരിച്ചുപോരുന്ന അപ്പംമുറിക്കൽ ശുശ്രൂഷയും തമ്മിലുള്ള സാമ്യം ഈ രണ്ടു സമൂഹങ്ങളുടെയും പൂർവ്വകാലചരിത്രങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു.

സഭകൾ തമ്മിലുള്ള സാമ്യങ്ങൾക്കു മാത്രമല്ല വ്യത്യാസങ്ങൾക്കും സാക്ഷിയാണു സംഗീതം. ഒരു സഭ മറ്റൊരു സഭയിൽ നിന്നു വ്യത്യസ്തമാണെന്നു വരുത്താൻ, തങ്ങളുടെ തനിമ എടുത്തുകാണിക്കാൻ സംഗീതം മാധ്യമമാക്കിയെന്നുവരാം. ഉദാഹരണമായി, സീറോ-മലബാർ സഭയും നെസ്തോറി

യൻ (ചർച്ച് ഓഫ് ദി ഈസ്റ്റ്) സഭയും ഒരേ കൽദായ ലിറ്റർജിയാണ് ഉപയോഗിക്കുന്നത്. എന്നാൽ, പാട്ടുകൾക്ക് ഉപയോഗിക്കുന്ന ഈണങ്ങളുടെ കാര്യത്തിൽ ഈ രണ്ടു സഭകൾ തമ്മിൽ യാതൊരു സാമ്യവുമില്ല. ആരാധനക്രമം മാറ്റാതെതന്നെ അതിലെ ഈണങ്ങൾ മാറ്റിയതിനു പിന്നിൽ സംഘടിത മായ തീരുമാനങ്ങളുണ്ടെന്നു വ്യക്തം.

സംഗീതത്തിൽ അത്രവലിയ അഭിരുചിയില്ലാത്തവർക്കും ഗവേഷണം നടത്താവുന്ന മേഖല യാണ് പാട്ടുകളുടെ ഭാഷാപഠനം. പാട്ടുകളുടെ കാലനിർണ്ണയത്തിന് അവയിലെ ഭാഷാപഠനം ഉപാധി യാണ്. മാർഗം കളിപ്പാട്ടിലെ വന്ദനഗാനം ഉദാഹരണമായെടുക്കാം.

മെയ്ക്കണിന്തപീലിയും മയിൽ
മേൽത്തോന്നും മേനിയും
പിടിത്തദണ്ഡും കയ്യും മെയ്യും
എന്നന്നേയ്ക്കും വാഴ്കവെ

(പി.യു.ലൂക്കാസ്, പുരാതനപ്പാട്ടുകൾ, പുറം 159) എന്നു തുടങ്ങുന്ന വന്ദനഗാനത്തിലെയും തുടർന്നുള്ള പതിന്നാലു പാദങ്ങളിലെയും പദപ്രയോഗങ്ങൾ തമ്മിൽ കാര്യമായ വ്യത്യാസം കാണുന്നു. വന്ദനഗാന ത്തിന്റെ റിഡാക്ഷൻ ചരിത്രവും തുടർന്നുള്ള പാദങ്ങളുടെ റിഡാക്ഷൻ ചരിത്രവും വ്യത്യസ്തമാണെന്ന സൂചനയിതിലുണ്ട്. വന്ദനഗാനത്തിൽ തമിഴ്, സുറിയാനി, മലയാളം എന്നീ ഭാഷകളുടെ സങ്കലനം കാണാം. ക്രിസ്തീയപാട്ടുകളുടെ ഭാഷാ പാഠഭേതസംശോധനം (redaction) ചരിത്രം മലയാളഭാഷ യുടെ ചരിത്രപഠനത്തിനും സഹായകമാണ്.

പാട്ടുകളുടെ പാഠാന്തരങ്ങൾ ഭാഷാപഠനത്തിന്റെ പരിധിയിൽപ്പെടുന്നു. പാഠഭേതങ്ങൾ ആക സ്മികമായി സംഭവിക്കുന്നവയല്ല. അവയ്ക്കു പിന്നിൽ അന്തരങ്ങൾ സൃഷ്ടിക്കുന്നവരുടെ വിശ്വാസ ങ്ങളും ബോദ്ധ്യങ്ങളും അറിഞ്ഞോ അറിയാതെയോ പ്രചോദകമായി നിലകൊള്ളുന്നു. റമ്പാൻ പാട്ടിന്റെ പാഠഭേദങ്ങളിലേക്കു ബർണാദ് ആലഞ്ചേരിയച്ചൻ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന തന്റെ പ്രസിദ്ധമായ ചരിത്രഗ്രന്ഥത്തിലൂടെ ശ്രദ്ധ ക്ഷണിച്ചെങ്കിലും ഗവേഷകർ ഇനിയും അതു ഗൗനി ച്ചതായി കാണുന്നില്ല.

ക്രൈസ്തവസംഗീത ഗവേഷകരുടെ ശ്രദ്ധ പതിയേണ്ട വിശാലമായ മേഖലകളിലേക്കു വിരൽചൂണ്ടുക മാത്രമാണിവിടെ ചെയ്തത്. ഒരു ക്രൈസ്തവ സംഗീതശാസ്ത്രത്തിന് ഊടും പാവും നല്കാൻമാത്രം ശൈലീസമ്പന്നമാണു കേരളം. എന്നിട്ടും ഇന്ത്യയിലെഴുതപ്പെടുന്ന ഭാരതസംഗീതചരി ത്രത്തിലോ കേരളസംഗീത ചരിത്രത്തിലോ ഒരടിക്കുറിപ്പിനുപോലും ക്രൈസ്തവസംഗീതത്തിനു സ്ഥാനം കിട്ടിയില്ല. കേരളത്തിലെ ക്രൈസ്തവസംഗീത ചരിത്രം കേരളത്തിന്റെതന്നെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന വാസ്തവം വെളിച്ചത്തു കൊണ്ടുവരേണ്ടത് സംഗീതഗവേഷകരുടെ ചുമത ലയാണ്. ഗവേഷണം പലപ്പോഴും വിനയത്തോടു കൂടിയ വെല്ലുവിളിയാകുന്നതിൽ തെറ്റില്ലതാനും.

ഇതിനാവശ്യമായ ആദ്യപടി സംഗീതത്തോടുള്ള ബുദ്ധിപരമായ സമീപനമത്രേ. അങ്ങനെ യൊരു സമീപനത്തിന്റെ അഭാവം നമ്മുടെ ദേവാലയങ്ങളിൽ സമകാലീനഗായകസംഘങ്ങൾ തിര ഞ്ഞെടുക്കുന്ന പാട്ടുകളിലും, അവയുടെ അവതരണരീതിയിലും, വ്യക്തമാകുന്നുമുണ്ട്. ആരാധിക്കുന്ന സമൂഹത്തിനു നേതൃത്വം നല്കുന്നതിനു പകരം അവരെ വെറും കേൾവിക്കാരാക്കുന്ന നമ്മുടെ ഗായക

സംഘങ്ങൾ കൺസ്യൂമറിസത്തിന്റെയും അതിനെ കടത്തിവെട്ടുന്ന കമേഴ്സ്യലിസത്തിന്റെയും ബലി യാടുകളാകുന്നു. സംഗീതത്തോടുള്ള ബൗദ്ധിപരമായ സമീപനം അതു കൈകാര്യം ചെയ്യുന്നവരുടെ ആത്മവിമർശനത്തിൽ നിന്നാണാരംഭിക്കുക. ആത്മവിമർശനം ചെയ്യാൻ പരിശീലനം ലഭിക്കാത്തവർ ദേവാലയസംഗീതത്തിനു നേതൃത്വം നൽകുമ്പോൾ വായ്പ്പാട്ടിനേക്കാൾ ഉപകരണസംഗീതത്തിനു പ്രാധാന്യമേറുന്നതിൽ അതിശയത്തിനവകാശമില്ല. സ്റ്റുഡിയോയിൽ റിക്കാർഡ്ചെയ്ത പാട്ടുകൾ അതേപടി പുനരവതരിപ്പിക്കുന്നതാണു "പ്രൊഫഷണലിസം" എന്ന് അവർ ആരാധകരെ തെറ്റിദ്ധരിപ്പി ക്കുന്നതിൽ അത്ഭുതപ്പെടുകയും വേണ്ട.

ബൗദ്ധിപരമായ സമീപനം ക്രൈസ്തവസംഗീതത്തിൽ പുതിയപരീക്ഷണങ്ങൾക്കു പാത തെളി ക്കും. തന്റെ ക്രൈസ്തവവിശ്വാസത്തെ പൊന്നുപോലെ കരുതി കർണ്ണാടകസംഗീതത്തിലധിഷ്ടിത മായ ക്രിസ്തീയകൃതികളിലൂടെ വിശിഷ്ടശ്വാസമാക്കിക്കൊണ്ടു വൈക്കത്തു വേമ്പനാട്ടുകായലിന്റെ തീരത്തു തപസ്സനുഷ്ഠിക്കുന്ന ജോർജ്ജ് പാഞ്ഞാറയും രാഗ തരംഗങ്ങളെ ജലതരംഗങ്ങളാക്കിമാറ്റുന്ന തോമസ് തീക്കോയിയും മറ്റും ആസ്വാദകരെ തേടുന്നവരാണ്. ഇതുപോലുള്ള പുത്തൻപരീക്ഷണങ്ങൾ നടത്തുന്നവരുടെ കാല്പാടുകൾ അവർക്ക് പിന്നാലെ മാഞ്ഞുപോകുന്നെങ്കിൽ അതു കേരളസംഗീത ത്തിനുതന്നെ വലിയ നഷ്ടമാകും.

പരീക്ഷണങ്ങൾക്കു വേണ്ടി കാത്തിരിക്കുന്ന മറ്റൊരു മേഖല മതാദ്ധ്യാപനമാണ്, പ്രത്യേകിച്ചും താഴ്ന്ന ക്ലാസ്സുകളിൽ. എഴുതാനും വായിക്കാനും പഠിക്കുന്നതിനു മുമ്പുതന്നെ കുട്ടികൾ പാട്ടിനോടു ക്രിയാത്മകമായി പ്രതികരിക്കുന്നു. ഈ പ്രവണത കണക്കിലെടുത്തു കുരുന്നു മനസ്സുകളിൽ വലിയ വിശ്വാസ സത്യങ്ങൾ കുടിയിരുത്താൻ കൊച്ചു കൊച്ചു പാട്ടുകൾ മാധ്യമമായി സ്വീകരിക്കാവുന്നതാണ്. താളത്തിനു പ്രാധാന്യമുള്ള ഈണങ്ങൾ തേടി അധികദൂരം സഞ്ചരിക്കേണ്ടതില്ല. നമ്മുടെ നാടൻ പാട്ടു കളിൽ അത്തരമീണങ്ങളൊത്തിരിയുണ്ട്. ഈ രംഗത്തു നടത്തുന്ന പരീക്ഷണങ്ങൾ മതാദ്ധ്യാപന ത്തിന്റെ മാത്രമല്ല, പ്രാഥമികവിദ്യാഭ്യാസത്തിന്റെ തന്നെ ശൈലിയിൽ മാറ്റം കുറിക്കാൻ സാദ്ധ്യതയുണ്ട്.

ക്രൈസ്തവ സംഗീതത്തെപ്പറ്റിയുള്ള ചർച്ചകളെ ഉപരിപ്ലവമായ കാസറ്റ് നിരൂപണത്തിൽ നിന്ന് ചരിത്രത്തിലേക്കും ശൈലികളിലേക്കും സംഗീതം സൃഷ്ടിക്കുന്ന അനുഭവ വ്യത്യാസങ്ങലിലേക്കും തിരിച്ചുവിടുന്ന പക്ഷം ക്രൈസ്തവരുടെയിടയിൽനിന്നു കൂടുതൽ ഗവേഷകരുണ്ടാകും. ഓരോ ജന തയും തങ്ങളുടെ ചരിത്രം പുതിയ അറിവുകളുടെ വെളിച്ചത്തിൽ പുനർപരിശോധിക്കുകയും ആനുകാ ലികമായ മാധ്യമങ്ങളിലൂടെ പുനരവതരിപ്പിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. പുനർ പരിശോധനയും പനരവതരണവും ചരിത്രസൃഷ്ടിയുടെ ഭാഗവുമാണ്.

******************